(ബി) എ. ഡി. ബി. പ്രതിനിധികളും അവരുടെ കൺസൾട്ടൻസും ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ ആഫീസ്, കൃഷി വകുപ്പ് ഡയറക്ടറുടെ ആഫീസ്, ട്രഷറി വകുപ്പ് ഡയറക്ടറുടെ ആഫീസ്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആഫീസ്, വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസ്, വാണിജ്യ നികുതി കമ്മീഷണറുടെ ആഫീസ് എന്നീ സർക്കാർ ആഫീസുകളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(സി) ഇല്ല. ഉദിക്കുന്നില്ല.

(ഡി) അനുബന്ധം ആയി കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്.†

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ലൈസൻസിംഗ് സംവിധാനം

23 [306] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടേയും അമിത പലിശക്കാരുടേയും അമിത ചൂഷണം നിയന്ത്രിക്കുവാനും തടയുവാനും ലൈസൻസിംഗ് സംവിധാനം കൂടുതൽ ഫലവത്താക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള വായ്പാ സ്ഥാപനങ്ങളുടെ വായ്പാ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കാനും ഉപഭോക്തൃ സൗഹാർദ്ദപരമാക്കാനും കാലതാമസമൊഴിവാക്കാനും നിലവിലുള്ള വ്യവസ്ഥകളിൽ എന്തൊക്കെ പരിഷ്കരണമാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) കെ. എസ്. എഫ്. ഇ. പോലുള്ള സ്ഥാപനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹാർദ്ദപരമാക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടേയും അമിത പലിശക്കാരുടേയും ചൂഷണം നിയന്ത്രിക്കുവാനും തടയുവാനും ലൈസൻസിംഗ് സംവിധാനം കൂടുതൽ ഫലവത്താക്കുന്നതിനും 1958-ലെ മണിലെൻഡിംഗ് നിയമത്തിൽ തന്നെ വകുപ്പുകളുണ്ട്. പ്രസ്തുത നിയമത്തിൽ വകുപ്പ് 3 (1) പ്രകാരം പണമിടപാട് സ്ഥാപനം നടത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. പ്രസ്തുത നിയമം വകുപ്പ് 4 (6) പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതാണ്. വകുപ്പ് 17 പ്രകാരം ലൈസൻസില്ലാതെയോ ലൈസൻസിന് വിരുദ്ധമായോ പ്രവർത്തിക്കുന്നവരെ മൂന്ന് മാസം മുതൽ മൂന്ന് വർഷം വരെ തടവിന് ശിക്ഷിക്കാവുന്നതോ അൻപതിനായിരം രൂപ വരെ പിഴ ചുമത്താവുന്നതോ ആണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത നിയമം വകുപ്പ് 18 സി പ്രകാരം ലൈസൻസ് എടുക്കാൻ ബാദ്ധ്യതയുള്ള ഒരാൾ ലൈസൻസ് എടുക്കാതെ ഇടപാട് നടത്തുകയോ റിട്ടേണുകൾ സമർപ്പിക്കാതിരിക്കുകയോ കണക്കുകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുകയോ ചെയ്താൽ 25,000 രൂപ വരെ പിഴയിടാവുന്നതാണ്.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള വായ്പാസ്ഥാപനമായ കെ. എസ്. എഫ്. ഇ.-യെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ ഉപയോഗിച്ചുള്ള വായ്പാ പദ്ധതികൾ ആയതിനാൽ ടി നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിമിതികളോടെയുള്ള ഉദാരവൽക്കരണം വായ്പാ വ്യവസ്ഥകളിൽ വരുത്തിയിട്ടുണ്ട്. സ്വർണ്ണ വായ്പാ പദ്ധതി വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കി. പൊതുജന സൗകര്യാർത്ഥം സ്വർണ്ണ വായ്പയ്ക്ക് മാത്രമായി പ്രത്യേക ഗോൾഡ് ലോൺ കൗണ്ടറുകൾ കൂടുതൽ ശാഖകളിൽ പ്രവർത്തനമാരംഭിച്ചു.

എല്ലാ വായ്പാ പദ്ധതിയുടേയും പലിശ നിരക്കുകളിൽ കാലാനുസൃതമായ കുറവുകൾ വരുത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ 1-4-2003-നും തുടർന്ന് 30-10-2003-നും വായ്പകളുടെ പലിശ നിരക്കിൽ ഗണ്യമായ കുറവുകൾ വരുത്തി. പുറമേ സ്വർണ്ണ വായ്പാ പദ്ധതിയുടെ പലിശ നിരക്കിലും 28-11-2003 മുതൽ കുറവ് വരുത്തിക്കഴിഞ്ഞു.

ഉപഭോക്തൃ സൗഹാർദ്ദത്തിന്റെ ഭാഗമായി ഉയർന്ന നിരക്കിൽ വായ്പകൾ എടുത്തിട്ടുള്ള നിലവിലുള്ള ഉപഭോക്താക്കൾക്ക്, അവരുടെ തവണ അടവുകൾ കൃത്യമാകുന്ന മുറയ്ക്ക് പുതിയ, കുറഞ്ഞ പലിശ നിരക്കിലേക്ക് മാറുന്നതിനുള്ള സുവർണ്ണാവസരം 31-10-2003 മുതൽ 31-3-2004 വരെയുള്ള ദീർഘകാലയളവിലേക്ക് അനുവദിച്ചിട്ടുണ്ട്. കാലതാമസമൊഴിവാക്കാനുള്ള പ്രധാന നടപടിയെന്ന നിലയ്ക്ക് സ്ഥാപനത്തിന്റെ പ്രവർത്തനം സമ്പൂർണ്ണമായി കംപ്യൂട്ടർവൽക്കരിക്കുന്നതിനുദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ അവസാന ഘട്ടത്തിലെത്തിയിട്ടുണ്ട്.

(സി) മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ഉയർന്ന പലിശ നിരക്കിൽ വായ്പകളെടുത്തിട്ടുള്ള നിലവിലുള്ള ഇടപാടുകാർക്കും കുടിശ്ശികയുള്ളവർക്കും അവരുടെ തവണകൾ കൃത്യമാകുന്ന മുറയ്ക്ക് നിലവിലുള്ള കുറഞ്ഞ പലിശ നിരക്കിലേക്ക് മാറുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. 31-3-2004 വരെ ഈ ആനുകൂല്യം ലഭ്യമാണ്.

മാത്രമല്ല കുടിശ്ശികക്കാർക്ക് ആർ.ആർ. നടപടികൾ നേരിടുന്നവർ ഉൾപ്പെടെ വമ്പിച്ച സാമ്പത്തിക ലാഭത്തോടെ കുടിശ്ശിക തീർക്കുന്നതിനുള്ള ഒ.റ്റി.എസ്. (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) ആവിഷ്കരിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 31-3-2004 വരെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly